# ഇടശ്ശേരി ഗോവിന്ദൻനായർ

എൻ. വി. കൃഷ്ണവാര്യർ

**ഇടശ്ശേരി**
**ഗോവിന്ദൻനായർ**
എൻ. വി. കൃഷ്ണവാര്യർ

1

ഇടശ്ശേരി ഗോവിന്ദൻനായരുടെ മരണത്തിൽ മലയാളത്തിന് കരുത്തനായ ഒരു കവിയും എന്നെപ്പോലെ എത്രയോ ആളുകൾക്ക് ഉത്തമനായ ഒരു സുഹൃത്തും നഷ്ടപ്പെട്ടിരിക്കുന്നു. ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകളിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ, മൂർത്തങ്ങളായ ആശയങ്ങളെ ആവിഷ്ക്കരിക്കുന്നവയും താരതമ്യേന ദീർഘങ്ങളുമായ, കവിതകളിലൂടെയാണ് മലയാളത്തിലെ വായനക്കാർ ഇടശ്ശേരിയുമായി പരിചയപ്പെട്ടത്. 'അളകാവലി' എന്ന ആദ്യസമാഹാരത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ കവിതകൾ നിസ്തന്ദ്രമായ കാവ്യസാധനയെ എന്നപോലെ വ്യക്തമായി രൂപം പ്രാപിച്ച ഒരു വീക്ഷണഗതിയേയും വെളിപ്പെടുത്തുന്നവയാണ്. എങ്കിലും, 1947-ൽ രചിക്കപ്പെട്ട 'കൂട്ടുകൃഷി' എന്ന നാടകമാണ് മലയാള സാഹിത്യത്തിൽ ഇടശ്ശേരിക്കുള്ള സ്ഥാനം ഉറപ്പിച്ചത്. അകൃത്രിമമായ ഗ്രാമീണ സൗന്ദര്യത്തിലും യാഥാർത്ഥ്യത്തിലടിയുറച്ച ആദർശവാദത്തിലും ഉജ്ജ്വലമായ പാത്രചിത്രണത്താലും സർവ്വോപരി രംഗപ്രയോഗാർഹതയാലും 'കൂട്ടുകൃഷി' മലയാള നാടകസാഹിത്യത്തിലെ ഒരത്ഭുതമായിരുന്നു; വർഷങ്ങൾക്കുശേഷം ഇന്നും അത് അങ്ങിനെതന്നെ നിലകൊള്ളുന്നു. ഭൂമിയിൽ കർഷകനുള്ള അവകാശം, കൃഷിയിൽനിന്ന് പൂർണ്ണമായ പ്രയോജനം ലഭ്യമാക്കുന്നതിൽ സഹകരണത്തിന്റെ അനുപേക്ഷണീയത ജാതിമതാധിഷ്ഠിതങ്ങളായ ഉച്ചനീചത്വങ്ങളും പരസ്പരസ്പർദ്ധകളും എന്നീ മൗലിക പ്രശ്നങ്ങൾ സുശക്തമായുന്നയിക്കുക മാത്രമല്ല, അവയ്ക്ക് മനുഷ്യോചിതമായ പരിഹാരം വ്യക്തമായി നിർദ്ദേശിക്കുക കൂടി ചെയ്യുന്നുണ്ട് കൂട്ടുകൃഷി. ഇവയിൽ ആദ്യത്തെ പ്രശ്നം കേരളത്തിൽ ഇന്ന് ഏറെക്കുറെ പരിഹൃതമായിട്ടുണ്ട്. രണ്ടും മൂന്നും പ്രശ്നങ്ങൾ ഇന്നും അപരിഹൃതങ്ങളായിത്തന്നെയിരിക്കുന്നു.

'കൂട്ടുകൃഷി'യിലുടെ നിർദ്ദിഷ്ടങ്ങളായ പരിഹാരങ്ങൾ മാത്രമേ അവയ്ക്കുള്ളു എന്ന് കൂടുതൽ കൂടുതൽ സ്പഷ്ടമായിവരികയാണ്.

'കൂട്ടുകൃഷി'ക്കു പുറമേ വേറെയും ഏതാനും നാടകങ്ങളും പല ഏകാങ്കങ്ങളും ഇടശ്ശേരി രചിച്ചിട്ടുണ്ട്. ചടുലമായ സംഭാഷണത്താലും പ്രശ്നങ്ങൾ ചികഞ്ഞെടുത്ത് അപഗ്രഥിക്കുന്നതിലുള്ള പാടവത്താലും അവ അരങ്ങുകളിൽ വിജയം നേടിയിട്ടുമുണ്ട്. എങ്കിലും, നാടകകൃത്തെന്നതിലേറെ കവി എന്ന നിലയിലാണ് ഇടശ്ശേരി ഇന്നറിയപ്പെടുന്നത്. കാലത്തിന്റെ വിധിയും ഇത്തരത്തിലായിരിക്കാനെ തരമുള്ളു എന്നു തോന്നുന്നു. അദ്ദേഹത്തിന്റെ കവിതകളുടെ സവിശേഷതകൾ പലകുറി ചർച്ച ചെയ്യപ്പെട്ടിട്ടുള്ളവയാണ്. നാടൻ കൃഷിക്കാർക്കുള്ളതായി പറയപ്പെടുന്ന നാളികേരപാകമാണ് ഈ സവിശേഷതകളിൽ ഏറ്റവും സ്ഥൂലവും തന്നിമിത്തം ഏറ്റവുമധികം ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതും. ഭാഷയുടെ മസൃണതയിലല്ല, പദങ്ങളുടെ ഔചിത്യത്തിലും അർത്ഥപുഷ്ടിയിലും ആശയങ്ങളുടെ മൂർത്തസൗന്ദര്യത്തിലുമാണ് ഇടശ്ശേരിയുടെ ശ്രദ്ധ. തന്റെ കവിതകളിൽ അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള ഗ്രാമീണ സ്ത്രീപുരുഷകഥാപാത്രങ്ങൾ സാധാരണരിൽ സാധാരണരായിരുന്നിട്ടും; ആത്മീയമായ ഒരുതരം എല്ലുറപ്പുമൂലം, ഉദാത്തതയിലേയ്ക്കുയർന്നു നിൽക്കുന്നു. ക്ലേശസഹിഷ്ണുതയും ഹൃദയ വിശാലതയും നിശ്ശബ്ദമായ ത്യാഗത്തിനുള്ള കഴിവും അവരുടെ സവിശേഷതകളാണ്. ഈ ഗുണങ്ങൾ പക്ഷേ, അവരുടെ യാഥാർത്ഥ്യവും മനുഷ്യതയും ശരീരത്തിന്റെ ഊഷ്മളത പോലും അനുഭവിക്കുന്നതിന് നമുക്ക് തടസ്സങ്ങളാകുന്നില്ല. ഉൽക്കടമായ വികാരസമ്മർദ്ദത്തിന്റേതായ നിമിഷങ്ങളിലൂടെ അവരുടെ വലിഞ്ഞുമുറുകുന്ന മാംസപേശികളുടെ ശക്തി കവി നമുക്കനുഭവപ്പെടുത്തിത്തരുന്നു.

'കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ'

എന്ന വരികളാണ് ഇടശ്ശേരിയുടെ കവിതയുടെ കൊടിയിൽ എന്നെന്നേക്കുമായി എഴുതപ്പെട്ടിട്ടുള്ളത്.

**ഇടശ്ശേരി**
**ഗോവിന്ദൻനായർ**
എൻ. വി. കൃഷ്ണവാര്യർ



ഇടശ്ശേരിയുടെ വ്യക്തിത്വത്തിന്റെ പ്രഭാമയമായ ഒരുവശം - എങ്കിലും ഒരു വശം - മാത്രമേ ആകുന്നുള്ളു അദ്ദേഹത്തിന്റെ സാഹിത്യരചനകൾ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അദ്ദേഹത്തിന്റെ സാഹിത്യരചനകളെ കവിഞ്ഞ് നിൽക്കുന്ന ഒന്നാണദ്ദേഹത്തിന്റെ ആകമാന വ്യക്തിത്വം. കുറ്റിപ്പുറത്തെ ഒരു സാധാരണകുടുംബത്തിൽ പിറന്ന് ഒരു ഹയർ എലിമെന്ററി സ്ക്കൂൾ നൽകിയ ഔപചാരിക വിദ്യാഭ്യാസം മാത്രം കൈമുതലായി നേടിയ ഇടശ്ശേരി തൊഴിലെന്ന നിലയിൽ ആധാരമെഴുത്തും ജീവിതസാധനയെന്ന നിലയിൽ കവിതാരചനയും പഠിച്ചത് ആലപ്പുഴ പട്ടണത്തിൽ നിന്നാണ്. ഒരു ചെറു നഗരമായ പൊന്നാനിയിൽ അദ്ദേഹം ജീവിതത്തിന്റെ ഭൂരിഭാഗവും കഴിച്ചുകൂട്ടി. എന്നാൽ, ഇക്കഴിഞ്ഞ അരനൂറ്റാണ്ടിൽ ഇന്ത്യയുടെ ആത്മാവിനെ സ്പന്ദിപ്പിച്ച എല്ലാ ആവേശങ്ങളിലും അനുപ്രവേശിക്കുവാൻ പൊന്നാനി മുൻസിഫ് കോടതിയിലിരുന്നുകൊണ്ട് അദ്ദേഹത്തിന് സാധിച്ചിരുന്നു.

ഗാന്ധിജിയുടേതായ വിട്ടുവീഴ്ചയറിയാത്ത ആദർശനിഷ്ഠയോടൊപ്പം തന്നെ, മൗലികമായ പരിവർത്തനത്തിനുവേണ്ടിയുള്ള ഗാന്ധിജിയുടെ അടക്കിയാലടങ്ങാത്ത ത്വരയും ഇടശ്ശേരി ഉൾക്കൊണ്ടിരുന്നു. തന്റെ ചുറ്റുപാടുമുള്ള പതഞ്ഞൊഴുകുന്ന ജീവിതത്തിൽനിന്ന് ഒരുനിമിഷം പോലും അദ്ദേഹം അകന്നുനിന്നില്ല. ഇടശ്ശേരിക്ക് പൊന്നാനിയിലും പരിസരങ്ങളിലുമുണ്ടായിരുന്ന ആശ്ചര്യകരമായ ജനപ്രിയത്വത്തിന്നടിയിലുണ്ടായിരുന്നത് ജനജീവിതവുമായി അദ്ദേഹത്തിനുണ്ടായിരുന്ന ഗാഢബന്ധമാണ്. സ്വന്തം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആളുകൾ അദ്ദേഹത്തെ ഉറ്റുനോക്കി. അദ്ദേഹമാകട്ടെ, ഏറ്റവും ന്യായമായും നിഷ്പക്ഷതയോടേയും ആർക്കും ഒരാക്ഷേപവും പറയാനില്ലാത്ത വിധത്തിലും ഈ പ്രശ്നങ്ങളിലിടപെടുകയും ചെയ്തു. ഈ നിസ്സാരതകളിൽ അദ്ദേഹം കൈവരിച്ച ലയം നിമിത്തമാണ് എട്ടുകൊല്ലംമുമ്പ് ഈ കവിയുടെ ഷഷ്ടിപൂർത്തി ഒരു പ്രാദേശികോത്സവമായി പൊന്നാനി നഗരം കൊണ്ടാടിയത്.

‘അധികാരം കൊയ്യണമാദ്യം നാം,
അതിന്നു മേലാകട്ടെ പൊന്നാര്യൻ.’

എന്ന് എഴുതിയ ഈ കവിയെ ഒരിക്കലും അധികാരഭ്രമം പിടികൂടുകയുണ്ടായില്ല. സേവനത്തിനുള്ള ഒരവസരവും അദ്ദേഹം ഉപേക്ഷിച്ചതുമില്ല. ഇക്കഴിഞ്ഞ ദശകങ്ങളിലെ ‘രാഷ്ട്രീയക്കുടുക്കുമസാലകൾ’ - ഇത് അദ്ദേഹത്തിന്റെ ഒരു ശൈലിയാണ് - ഇടശ്ശേരിയെ തരിമ്പും ബാധിക്കുകയുണ്ടായില്ല. താൻ തിരഞ്ഞെടുത്ത ഋജുവും ശ്രമാവഹവുമായ പാതയിലൂടെത്തന്നെ എന്നും അദ്ദേഹം മുമ്പോട്ടു പോയി. പ്രതിഭാശാലിയായ ഈ കവി തന്റെ ചുറ്റുമുള്ള പ്രതിഭകളെ കണ്ടുപിടിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും എന്നും ജാഗരൂകനായിരുന്നു. കഥയെഴുത്തുകാർ, കവികൾ, നാടകകൃത്തുക്കൾ, പത്രപ്രവർത്തകന്മാർ, നിരൂപകന്മാർ - അങ്ങിനെ പല മേഖലകളിൽ പ്രവർത്തിക്കുന്ന വിപുലമായ ഒരു ശിഷ്യസഞ്ചയം ഇടശ്ശേരിക്കുണ്ട്. കേരളത്തിലെ കലാസമിതിപ്രസ്ഥാനത്തിന് ഇടശ്ശേരി നൽകിയ സംഭാവനകൾ അന്യാദൃശ്യങ്ങളാണ്. ഒരു തരത്തിൽ ആ പ്രസ്ഥാനം ഉടലെടുത്തതുതന്നെ പൊന്നാനിയിലാണ്.

ആദ്യത്തെ കാഴ്ചയിൽ നമ്മുടെ വിശ്വാസം പിടിച്ചുപറ്റുന്ന എന്തോ ഒരസാധാരണത്വം ഇടശ്ശേരിയിലുണ്ടായിരുന്നു. അദ്ദേഹത്തിൽ അർപ്പിതമായ വിശ്വാസം ഒരിക്കലും വഞ്ചിതമായിട്ടില്ല. ഏത് തെറ്റിദ്ധാരണകളേയും അതിജീവിക്കാനുള്ള കെൽപ്പ് അദ്ദേഹത്തിന്റെ സൗഹാർദ്ദത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അടുത്തു നിൽക്കുമ്പോഴൊക്കെ എനിക്ക് അനുഭവപ്പെട്ടിരുന്നത് ഒരുതരം സുരക്ഷിതത്വ ബോധമായിരുന്നു എന്നെപ്പോലെ പലർക്കും ഈ അനുഭവം തന്നെ ഉണ്ടായിട്ടുണ്ടാവാമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ഉത്തമസുഹൃത്തിന്റെ - ബുദ്ധമതക്കാരുടെ ശൈലിയിൽ കല്യാണമിത്രത്തിന്റെ - മരണം ഹൃദയത്തിലുണ്ടാക്കിയ വേദനയെ അദ്ദേഹത്തിന്റെ ഈ വരികൾ ആവർത്തിച്ച് ഞാൻ അകറ്റാൻ ശ്രമിക്കുകയാണ്:

‘കുഴിവെട്ടിമൂടുകവേദനകൾ
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ.’

കുങ്കുമം വാരിക 1974 നവംബർ 3